പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 246

# 2020-ലെ കേരള അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ
സേവന വേതന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും
തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി
ഒരു അതോറിറ്റി രൂപീകരിക്കുന്നതിന്
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു : —

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .—(1) ഈ ആക്ടിന് 2020-ലെ കേരള സംസ്ഥാന അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ .—ഈ ആക്ടിന്റെ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം .—

(എ) 'അൺഎയ്ഡഡ് സ്കൂൾ' എന്നാൽ സർക്കാരിൽ നിന്നും യാതൊരു ധനസഹായവും പറ്റാത്ത കേന്ദ്ര-സംസ്ഥാന സിലബസുകളിൽ പ്ലസ് ടു വരെ അദ്ധ്യയനം നടത്തുന്ന സ്കൂൾ എന്നർത്ഥമാകുന്നു ;

(ബി) "അതോറിറ്റി" എന്നാൽ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി എന്നർത്ഥമാകുന്നു ;

(സി) 'മാനേജർ' എന്നാൽ അൺഎയ്ഡഡ് സ്കൂൾ മാനേജർ എന്നർത്ഥമാകുന്നു ;

(ഡി) 'ചെയർമാൻ' എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഇ) 'സേവന വേതന വ്യവസ്ഥകൾ' എന്നാൽ സർക്കാരോ കോടതിയോ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന ശമ്പളവും സേവന വ്യവസ്ഥകളും എന്നർത്ഥമാകുന്നു ;

(എഫ്) 'രജിസ്റ്റേർഡ് സ്കൂൾ ' എന്നാൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത സ്കൂൾ എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റിയുടെ രൂപീകരണം</u> .—

(എ) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിന്റെ കീഴിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ് ;

(ബി) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. <u>അതോറിറ്റി രൂപീകരണവും ഘടനയും</u> .—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി ഭരണനിർവ്വഹണത്തിനും അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും, തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ് ;

(2) അതോറിറ്റിയിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും ഒരാളെ അതോറിറ്റിയുടെ ചെയർമാൻ ആയി നിയമിക്കാവുന്നതുമാണ് ;

(3) ബോർഡ് ചെയർമാന്റെയും അംഗങ്ങളുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ് ;

(4) ചെയർമാനായി ഒരു റിട്ട. ജഡ്ജിയെയോ/മുതിർന്ന ഒരു IAS ഉദ്യോഗസ്ഥനയോ നിയമിക്കാവുന്നതാണ് ;

(5) അൺഎയ്ഡഡ് അദ്ധ്യാപകരുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികളെ അംഗങ്ങളായി തിരഞ്ഞെടുക്കേണ്ടതാണ് ;

(6) അൺഎയ്ഡഡ് സ്കൂൾ മാനേജരുടെ പ്രതിനിധിയേയും അതോറിറ്റിയിൽ അംഗമായി തിരഞ്ഞെടുക്കേണ്ടതാണ് ;